**കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 41**
**04.02.2013 ലെ മറുപടിക്ക്**
**പങ്കാളിത്ത പെൻഷന്റെ ഉത്തരവും പണിമുടക്കിൽ പങ്കെടുത്തവർക്കെതിരെയുള്ള അച്ചടക്ക നടപടിയും**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.ഉമ്മൻ ചാണ്ടി<br>ബഹു.മുഖ്യമന്ത്രി |
| (എ) | പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ എന്തെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; | ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ 22/12/03 ൽ F.No.5/7/2003-ECB&PR നമ്പർ വിജ്ഞാപനവും സംസ്ഥാന സർക്കാർ 07/01/13 ൽ G.O (P) No.20/13/Fin നമ്പർ ഉത്തരവും ഇറക്കിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്താണ് ഉത്തരവിൽ സൂചിപ്പിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | പദ്ധതിയുടെ പ്രവർത്തനം, പെൻഷൻ ഫണ്ട് നിക്ഷേപം തുടങ്ങിയ കാര്യങ്ങളാണ് ഉത്തരവുകളിൽ സൂചിപ്പിക്കുന്നത്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; | |
| (ഡി) | ഇത് നടപ്പിലാക്കുന്നതിന്റെ പേരിൽ സംസ്ഥാനത്ത് അദ്ധ്യാപകരും ജീവനക്കാരും സമരം നടത്തിയിരുന്നോ ; | ഒരു വിഭാഗം ജീവനക്കാർ സമരം നടത്തിയിരുന്നു. |
| (ഇ) | എത്ര പേർ ഈ സമരത്തിൽ പങ്കെടുത്തു എന്ന് വ്യക്തമാക്കുമോ ; | പണിമുടക്കിൽ പങ്കെടുത്തവരുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (1) ൽ ചേർക്കുന്നു. |
| (എഫ്) | സമരത്തിൽ പങ്കെടുത്ത ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പേരിൽ എന്തെങ്കിലും കേസ് എടുക്കുകയോ അച്ചടക്ക നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ഉണ്ട്. ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം(2) ൽ ചേർക്കുന്നു. |

| | | |
|---|---|---|
| (ജി) | സമരം ചെയ്തതിന്റെ പേരിൽ ആരെയെങ്കിലും പിരിച്ചു വിട്ടിട്ടുണ്ടോ ; | ഇല്ല. |
| (എച്ച്) | ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

അക്കൗണ്ട്സ് ഓഫീസർ